# Malayala Manorama

# 18 August 2018

# Kerala Flood

## തളരില്ല, കേരളം

### ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം

കേരളത്തെ ചരിത്രത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയിലേക്കു തള്ളിവിട്ട്, പ്രളയം ചുറ്റിലും കലിയോടെ ഇരമ്പുമ്പോൾ, അതിനെ തോൽപിക്കാനായി നാടു മുഴുവൻ കൈകോർക്കുകയാണ്. സംസ്ഥാനമെങ്ങുമുള്ള രക്ഷാപ്രവർത്തകർ തളരാതെ, പതറാതെ ദുരിതബാധിതരോടു ചേർന്നു പ്രഖ്യാപിക്കുന്നു: പേമാരിയുടെയും പ്രളയത്തിന്റെയും നാടല്ല കേരളം; കൂട്ടായ്മയുടെയും കരുണയുടെയും കരുതലിന്റെയുമാണ്. ഒരു കാൽവയ്പുപോലും പതറാതെ, ആത്മവിശ്വാസത്തിന്റെ കൈപിടിച്ചു നമുക്കു മുന്നോട്ടുനീങ്ങാം.

ഇന്നലെ മഴക്കലി കുറവായിരുന്നെങ്കിലും സംസ്ഥാനത്തു പലയിടങ്ങളും പ്രളയജലത്തിന്റെ അതിക്രൂരമായ പിടിയിലാണ്. പേമാരിയിൽ കഴിഞ്ഞ മൂന്നുദിവസം മാത്രം ഉണ്ടായ ജീവനഷ്ടങ്ങൾ കുറച്ചൊന്നുമല്ല. ഉരുൾപൊട്ടിയും മറ്റും എത്രയോ പേർ നിസ്സഹായം മണ്ണിനടിയിൽ അവസാനിച്ചു. അപ്രതീക്ഷിത ദുരന്തം കവർന്ന ഈ നിർഭാഗ്യജീവിതങ്ങൾ നാടിന്റെ മുഴുവൻ ദുഃഖമായിരിക്കുകയാണ്. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കു കേരളത്തിന്റെ മിഴിനീരഞ്ജലി. കാസർകോട് ഒഴികെ മറ്റു ജില്ലകളെയെല്ലാം വെള്ളപ്പൊക്കം ബാധിച്ചിരിക്കുന്നു. ചിലയിടങ്ങളിൽ സ്ഥിതി അതീവഗുരുതരമാണ്. പ്രളയസാധ്യത ഇതുവരെ ഇല്ലാതിരുന്ന പത്തനംതിട്ട ജില്ലയിൽ പോലും ജലമാർത്തിരമ്പിയെത്തി. കുട്ടനാട് വീണ്ടും പ്രളയത്തിന്റെ നാവറ്റത്താവുകയും ചെയ്തു.

കേരളത്തിലെങ്ങും എത്രയോ പേർക്ക് ഇതുവരെ സ്വരുക്കൂട്ടിവച്ചതെല്ലാം ഉപേക്ഷിച്ചു വീടുവിട്ട് ഇറങ്ങേണ്ടിവന്നു. വീടുകളിലും ഹോസ്റ്റലുകളിലും മറ്റും കുടുങ്ങിക്കിടക്കുന്നവരും കുറച്ചൊന്നുമല്ല. വെള്ളവും വെളിച്ചവും ഭക്ഷണവും ഇല്ലാതെ, രക്ഷപ്പെടാനുള്ള വഴിപോലുമറിയാതെ കൊച്ചുകുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ളവർ സഹായത്തിനായി കേഴുന്നു. ഇന്നലെ വൈകിട്ടുവരെ രക്ഷാപ്രവർത്തകർക്ക് എത്താനാവാത്ത സ്ഥലങ്ങൾപോലുമുണ്ട്. പലയിടങ്ങളിലും ദുരിതാശ്വാസക്യാംപുകൾ നിറഞ്ഞിരിക്കുന്നു.

ഒരു സംസ്ഥാനത്തിന്റെ മുഴുവൻ റോഡ് ഗതാഗതം താറുമാറാക്കാൻ മാത്രം ഈ പ്രളയത്തിനു സംഹാരശേഷിയുണ്ടായി. കൊച്ചിയും വടക്കൻ കേരളവുമായുള്ള ബന്ധം പൂർണമായും വിച്ഛേദിക്കപ്പെട്ട അവസ്ഥയാണിപ്പോഴുള്ളത്. ട്രെയിൻ ഗതാഗതത്തെയും കൊച്ചി വിമാനത്താവളത്തിൽനിന്നുള്ള സർവീസുകളെയും പ്രളയം ബാധിച്ചു. സംസ്ഥാനത്തു പല പാലങ്ങളും തകരുകയോ ദുർബലമാവുകയോ ചെയ്തു. ആശുപത്രികളിലെ അത്യാഹിതവിഭാഗത്തിൽനിന്നുപോലും രോഗികളെ വെള്ളക്കെട്ടിലൂടെ സുരക്ഷാസ്ഥാനങ്ങളിലേക്കു മാറ്റേണ്ടിവന്നു.

പ്രളയം കലിതുള്ളുന്നതിനോടൊപ്പംതന്നെ സർവസന്നാഹങ്ങളോടെ കേരളം അതിനെതിരെ പടപൊരുതുന്ന കാഴ്ചകൾ ഇതിനിടെ മാനുഷികതയുടെ ചൈതന്യവും കൂട്ടായ്മയുടെ കരുത്തും വിളംബരം ചെയ്യുകയാണ്. മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ ഏകോപിതമായി മുന്നോട്ടുപോകുന്ന സർക്കാർ സംവിധാനങ്ങളോടൊപ്പം വിവിധ സേനകളും ഇത്രയും ദിവസങ്ങളായിട്ടും വിശ്രമമില്ലാതെ സമർപ്പിതരായി കൂടെയുണ്ട്. സമൂഹമാധ്യമങ്ങളിലൂടെയുണ്ടാവുന്ന സഹായക്കൂട്ടാവട്ടെ, അഭിനന്ദനീയവും പ്രത്യാശാഭരിതവുമാണ്. രക്ഷാപ്രവർത്തനങ്ങൾക്കു നമ്മുടെ മാധ്യമങ്ങളെല്ലാം നേരിട്ടു വഴികാട്ടുന്നതും കേരളം കണ്ടു. ജീവൻപോലും പണയംവച്ച് ദുരന്തമുഖങ്ങളിൽ പ്രവർത്തിക്കുന്ന നാട്ടുകാർക്ക് സംസ്ഥാനത്തിന്റെ മുഴുവൻ അഭിവാദ്യം അർപ്പിക്കാതെയും വയ്യ.

കേരളത്തിന്റെ കയ്യിൽ നിൽക്കുന്നതല്ല ഈ വൻപ്രളയമെന്നു തിരിച്ചറിഞ്ഞ് ഉദാരമായ കേന്ദ്രസഹായം അടിയന്തരാവശ്യമായി വന്നിരിക്കുന്നു. ഓരോ ദിവസത്തെയും കൂടുതൽ കെടുതി, ദുരിതബാധിതർക്കായി നൽകേണ്ട സഹായവലുപ്പം കൂട്ടുകയുമാണ്. രാജ്യത്ത് ഇപ്പോൾ ഏറ്റവും സഹായം ആവശ്യമുള്ള സംസ്ഥാനം എന്ന തിരിച്ചറിവോടെയുള്ള ആശ്വാസപ്രവാഹമാണ് കേന്ദ്രത്തിൽനിന്നു നാം പ്രതീക്ഷിക്കുന്നത്. രക്ഷാപ്രവർത്തനങ്ങൾക്കായി മൂന്നു സേനകളിൽനിന്നും കൂടുതൽ സഹായം നമുക്കുണ്ടാവുകയും വേണം.ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്നു തന്നെയാണ് നമ്മുടെ ആവശ്യം. ഇന്നു ദുരിതബാധിത പ്രദേശങ്ങൾ നേരിൽക്കണ്ടു പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന സഹായപ്രഖ്യാപനത്തിലാണു കേരളത്തിന്റെ നിറഞ്ഞ പ്രതീക്ഷ.

ഏകോപിതമായ സമർപ്പിതപ്രവർത്തനങ്ങളിലൂടെ നമുക്കു കേരളത്തോളം വലിയ ഈ രക്ഷാദൗത്യത്തെ വിജയിപ്പിക്കാം. പ്രളയത്തിന് ഈ നാടിനെ തോൽപിക്കാനാവില്ലെന്ന ആത്മധൈര്യം നമ്മുടെ കൂട്ടായ്മയുടെ വഴിവെളിച്ചവും ആത്മവിശ്വാസവുമാകട്ടെ. നമുക്ക് ഒരുമിച്ചുറക്കെ പറയാം: അതിജീവനത്തിന്റെ മഹനീയപാഠങ്ങളാവണം, ഈ പ്രളയശേഷം കേരളം ഓർമിക്കേണ്ടത്.